# എൻ.എം ഹമീദ് മാസ്റ്റർ



**ഞങ്ങൾ** സ്നേഹപൂർവം എൻ.എം.എച്ച് എന്ന് വിളിക്കുന്ന എൻ.എം ഹമീദ് മാസ്റ്ററുടെ ആകസ്മിക മരണം സൃഷ്ടിച്ച നടുക്കം വിട്ടൊഴിഞ്ഞിട്ടില്ല. കുറ്റ്യാടിയിലെ ഒരു സ്വകാര്യ ഹോസ്പിറ്റലിൽ രണ്ട് ദിവസം ചികിത്സയിൽ കഴിഞ്ഞുവന്നിരുന്ന സഹോദരന് ആസ്ത്മയാണെന്ന് സാമാധാനിച്ചു തമാശപറഞ്ഞ് രസിച്ചുപിരിഞ്ഞ ഞങ്ങൾക്ക് പിന്നെ കേൾക്കാനായത് വേർപാടിന്റെ വാർത്തയായിരുന്നു.

തേൻ മൊഴികളുമായി സ്വന്തം താൽപര്യസംരക്ഷണാർഥം ജനസേവനം നടത്തുന്ന പൊതുപ്രവർത്തകരെ സമൂഹത്തിൽ ധാരാളമായി കാണാം. എന്നാൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മധുകണങ്ങൾ ഉള്ളിലൊതുക്കിവെച്ച്, പരുക്കൻ വാക്കുകളുമായി സുഹൃത്തുക്കളെ എതിരേൽക്കുന്ന ഹമീദ് മാസ്റ്റർ ഇതിന്നപവാദമായിരുന്നു. ആരാലും ശ്രദ്ധിക്കപ്പെടാത്ത അവസരങ്ങൾ സ്വയം സൃഷ്ടിച്ചെടുത്ത് ജനസേവന പ്രവർത്തനങ്ങളിൽ മുഴുകുകയെന്നത് അദ്ദേഹത്തിന്റെ ഹോബിയായിരുന്നു.

ആർക്കാണോ തന്റെ സാന്നിധ്യം ആവശ്യമുള്ളത്, അവിടെയെത്തി അവരുടെ പ്രശ്നങ്ങൾ തന്റേതാക്കി നിർവഹിച്ചു കൊടുക്കുന്നതിൽ ഹമീദ് മാസ്റ്റർ ശ്രദ്ധപുലർത്തി. നന്ദിയോ പ്രതിഫലമോ ആഗ്രഹിക്കാത്ത സേവനങ്ങൾ.

ഇസ്ലാമിന്റെ ആശയാദർശങ്ങൾ എഴുത്തിലൂടെയും പ്രസംഗങ്ങളിലൂടെയും പ്രചരിപ്പിക്കുന്നതിലായിരുന്നില്ല ഹമീദ് മാസ്റ്റർക്ക് താൽപര്യം. സഹജീവിസ്നേഹത്തിലൂടെ ഇസ്ലാമിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളായി മാറുകയാണ് ഇസ്ലാമിക പ്രബോധനത്തിന് ഏറ്റവും ഉചിതമായ മാർഗമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു.

ഇസ്ലാമിക പ്രസ്ഥാനം രൂപംകൊടുത്ത ഐ.ആർ.ഡബ്ലിയുവിൽ തുടക്കം മുതൽ ജീവിതാവസാനം വരെ സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം. ഹമീദ് മാസ്റ്റർ സമൂഹത്തിൽ അറിയപ്പെട്ടത് സംഘടനാപക്ഷപാതിത്വമില്ലാത്ത ജമാഅത്ത് പ്രവർത്തകനായിട്ടാണ്. സമൂഹത്തിന്റെ ഏത് ശ്രേണിയിൽ കഴിയുന്നവരെയും സുഹൃത്താക്കി മാറ്റാനുള്ള അദ്ദേഹത്തിന്റെ കഴിവ് അസൂയാർഹമായിരുന്നു. ആയിരം ദിനരാത്രങ്ങൾകൊണ്ട് സാധിക്കാവുന്ന സൗഹൃദബന്ധങ്ങൾ ഒരു നിമിഷംകൊണ്ട് അദ്ദേഹം സ്ഥാപിക്കും. പ്രസ്ഥാനം ഏൽപിച്ച ഏത് ജോലിയും ഏറ്റെടുക്കാൻ ജാഗ്രതപാലിച്ചു.

ഒരു നല്ല അധ്യാപകനായിരുന്നു. സഹപ്രവർത്തകരുടെയും മേലുദ്യോഗസ്ഥരുടെയും സ്നേഹാദരങ്ങളും പ്രശംസകളും വേണ്ടതിലധികം അദ്ദേഹം നേടി.

രോഗികളോടൊത്ത് ആശുപത്രിയിൽ കഴിയുക, കല്യാണ വീടുകളിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിക്കുക, പാവപ്പെട്ടവന്റെ വീട് പണിയാൻ കല്ല് ചുമന്ന് കൊണ്ടുപോവുക എന്നിവയൊക്കെയായിരുന്നു ഇഷ്ടജോലികൾ. ഇസ്ലാമിക പ്രസ്ഥാനം സംഘടിപ്പിക്കാറുള്ള പഠനക്യാമ്പുകൾക്കും പഠനയാത്രകൾക്കും ഭക്ഷണമൊരുക്കുന്ന ഉത്തരവാദിത്തം ഹമീദ് മാസ്റ്റർ ആർക്കും വിട്ടുകൊടുക്കാറില്ല.

കലാകായികരംഗത്തും അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. ചെറിയകുമ്പളത്തെ തനിമ കലാവേദി സംഘാടകരിൽ പ്രമുഖനായിരുന്നു. ഇക്കഴിഞ്ഞ ചെറിയപെരുന്നാളിന് തനിമയൊരുക്കിയ കലാവിരുന്നിൽ അദ്ദേഹത്തിന്റെ അഭിനയവും നർമോക്തികളും പ്രദേശത്തുകാരുടെ മനസ്സിൽ ഇന്നും ചിരിയുണർത്തുന്നു.

അഞ്ച് മക്കളും ഭാര്യയും ഉൾപ്പെടുന്ന കുടുംബത്തിന്റെ അഗാധ ദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു. അല്ലാഹു അദ്ദേഹത്തെയും നമ്മെയും സ്വർഗത്തിൽ ഒരുമിച്ചു ചേർക്കട്ടെ - ആമീൻ.

**എൻ. ഖാലിദ്, ഓർഗനൈസർ,**
**പാലേരി ഏരിയ**